പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 172 — 13.07.2016 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.ആർ. പ്രദീപ്<br>ശ്രീ. വി.എസ്. അച്ചുതാനന്ദൻ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. ആർ. രാജേഷ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) നെല്ലുസംഭരണം കാര്യക്ഷമമാക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ; നെല്ലിന്റെ സംഭരണവില പുതുക്കാൻ നടപടി ഉണ്ടാകുമോ; | (എ) സപ്ലൈകോയുടെ നെല്ലുസംഭരണം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. നെല്ലിന്റെ സംഭരണവില പുതുക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) നെല്ല് സംഭരിച്ചതിൽ മുൻ സർക്കാറിന്റെ കാലയളവിലെ കടിശ്ശികകളെല്ലാം കൊടുത്തു തീർത്തിട്ടുണ്ടോ; ആയതിനു എത്ര തുക അനുവദിച്ചെന്ന് അറിയിക്കുമോ; | (ബി) മുൻ സർക്കാറിന്റെ കാലയളവിലെ കടിശ്ശിക തുക കൊടുക്കുന്നതിനായി 169.97 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയത് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) നെല്ല് സംഭരണം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) നെല്ല് സംഭരണത്തിന്റെ കാലയളവ് നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഇപ്പോൾ പൂർത്തിയാക്കിയ 2015-16 നെല്ല് സംഭരണ സീസണിന്റെ കാലാവധി 2015 ഒക്ടോബർ മുതൽ 2015 ഡിസംബർ വരെ ഒന്നാം സീസണും, 2016 ജനുവരി മുതൽ ജൂൺ വരെ രണ്ടാം സീസണുമാണ്. നെല്ല് സംഭരണം നടക്കുന്ന പാടങ്ങളിൽ നെല്ലിന്റെ ഗുണമേന്മ സംബന്ധിച്ച് പ്രശ്നങ്ങളില്ലെങ്കിൽ നെല്ല് സംഭരണം കാര്യക്ഷമമായി നടക്കുന്നതാണ്. നെല്ലിന്റെ ഈർപ്പം പതിരിന്റെ അളവ് എന്നിവ കേന്ദ്ര സർക്കാരിന്റെ നിശ്ചിത മാനദണ്ഡങ്ങൾക്ക് ഉപരിയാകുന്ന പക്ഷം അത് ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായി നെല്ല് ഉണക്കുന്നതിനും പാറ്റി വൃത്തിയാക്കുന്നതിനും കർഷകർ സമയമെടുക്കുന്നതിനാൽ വരുന്ന കാലതാമസം മാത്രമേ നെല്ല് സംഭരണ വേളയിൽ ഉണ്ടാവാറുള്ളൂ. |

സെക്ഷൻ ഓഫീസർ